"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - സമം പദ്ധതിയുടെ ഭാഗമായി പരിപാടികൾ സംഘടിപ്പിക്കുന്നതിന് വിവിധ സ്ഥാപനങ്ങൾക്ക് തുക അനുവദിക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.151/2024/CLAD തീയതി,തിരുവനന്തപുരം, 15-03-2024

---

പരാമർശം:-

1. സ.ഉ (സാധാ)നം.220/2023/സാം.കാ.വ തീയതി 17.05.2023
2. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 09.01.2024 തീയതിയിലെ പി3-1132/23/സാം. വ നമ്പർ കത്ത്
3. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 08.02.2024 തീയതിയിലെ പി3-1132/23/സാം. വ നമ്പർ കത്ത്
4. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 26.02.2024 തീയതിയിലെ പി3-2694/22/സാം.വ നമ്പർ നടപടിക്രമം

**<u>ഉത്തരവ്</u>**

സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന സമം പദ്ധതിക്ക് (2205-00- 800- 29 (പ്ലാൻ) ശീർഷകത്തിൽ 1,25,00,൦൦൦/-രൂപ വകയിരുത്തി പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സാംസ്കാരിക വകുപ്പിന് കീഴിലുള്ള സാംസ്കാരിക സ്ഥാപനങ്ങൾക്ക് സമം പദ്ധതിയുടെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിന് തുക അനുവദിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സമം പദ്ധതിയുടെ ഭാഗമായി മലയാളം മിഷൻ 2024 മാർച്ച് 2,3 തീയതികളിൽ ഹാൻഡ്ബുക് ഓൺ കോംബാറ്റിംഗ് ജൻഡർ സ്റ്റീരിയോടൈപ്പ് വിവർത്തനം ചെയ്യുന്നതിനായി തിരുവനന്തപുരം ചൈത്രം ഹോട്ടലിൽ വച്ച് വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നതിനായി പ്രതീക്ഷിക്കുന്ന ചെലവിന്റെ ആദ്യ ഗഡുവായി 2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) പരാമൃഷ്ട നടപടിക്രമം പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ മലയാളം മിഷന് അനുവദിച്ചു നൽകിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സമം പദ്ധതിയുടെ ഭാഗമായി പരിപാടികൾ സംഘടിപ്പിക്കുന്നതിന് വിവിധ സ്ഥാപനങ്ങൾക്ക് ചുവടെ ചേർക്കും പ്രകാരം 2205-00-800-29 (പ്ലാൻ) ശീർഷകത്തിൽ നിന്നും തുക അനുവദിക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയും പരാമൃഷ്ട നടപടിക്രമം പ്രകാരം മലയാളം മിഷന് ₹2,00,000/- അനുവദിച്ചു നൽകിയ സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ നടപടി സാധൂകരിച്ചും

ഉത്തരവ് പുറപ്പെടുവിക്കുന്നു.

| സ്ഥാപനം | അനുവദിക്കേണ്ട തുക |
|---|---|
| കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | ₹13,00,000/- |
| ഭാരത് ഭവൻ | ₹13,00,000 /- |
| മലയാളം മിഷൻ | ₹11,00,000/-<br>(പരാമൃഷ്ട നടപടിക്രമം പ്രകാരം അനുവദിച്ച ₹2,00,000/-കുറവ് ചെയ്തതിനു ശേഷമുള്ള തുക) |
| കേരള ചലച്ചിത്ര അക്കാദമി | ₹13,00,000/- |
| **ആകെ** | **₹50,00,000/-** |

പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള PSTSB അക്കൗണ്ട് നമ്പറും അനുബന്ധ വിശദാംശങ്ങളും സ്ഥാപന മേധാവികൾ ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതും തുക കൈപ്പറ്റി മൂന്ന് മാസത്തിനകം വിനിയോഗ സാക്ഷ്യപത്രം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി.ഐ.എ.എസ്
സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം .
ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
ഡയറക്ടർ, മലയാളം മിഷൻ,തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, ഭാരത് ഭവൻ, തിരുവനന്തപുരം
സെക്രട്ടറി, കേരള ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ ) കേരളം, തിരുവനന്തപുരം .
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ) കേരളം, തിരുവനന്തപുരം .
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം .
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി , ഫോർട്ട് പി.ഒ., തിരുവനന്തപുരം .
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം .
ധനകാര്യ വകുപ്പ് (06.02.2024 ലെ E 2687232 EDN C3/57/2024-FIN നമ്പർ കുറിപ്പ് പ്രകാരം )
കരുതൽ ഫയൽ(C1/11/2024/CLAD)/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Mini.t.r.
സെക്ഷൻ ഓഫീസർ
Date: 16-03-2024 09:47:41

പകർപ്പ് :- സാംസ്കാരിക കാര്യ വകുപ്പ് മന്ത്രിയുടെ പി എസ്. ന്